# പ്രത്യേക പരാമർശം

മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പുയർന്നതിലുള്ള ആശങ്ക

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, എന്റെ സബ്മിഷൻ അവതരിപ്പിക്കുന്നതിനുമുമ്പ് പ്രധാനപ്പെട്ട മറ്റൊരു വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിനാകെ വിഷമതകൾ വരത്തക്കവിധത്തിലുള്ള വാർത്തകളാണ് ഇപ്പോൾ മുല്ലപ്പെരിയാറിൽനിന്നും വന്നുകൊണ്ടിരിക്കുന്നത്. ജലനിരപ്പ് 136 അടിയാകുമ്പോൾത്തന്നെ ആ പ്രദേശത്തുള്ള ജനങ്ങളെ മാറ്റിതാമസിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തണമെന്ന് പറയുന്ന ഗവൺമെന്റ് ഇപ്പോൾ ജലനിരപ്പ് 142 അടി കഴിഞ്ഞിട്ടും ഇതുസംബന്ധിച്ച് കാര്യമായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരശ്രദ്ധ പതിപ്പിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട്, പ്രധാനമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെയില്ലെങ്കിൽ ആഭ്യന്തരമന്ത്രി ഇതുസംബന്ധിച്ച് ഗൗരവതരമായ മറുപടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ ചൂണ്ടിക്കാണിച്ചത് ഗൗരവമേറിയ ഒരു വിഷയമാണ്. ആഭ്യന്തര വകുപ്പുമന്ത്രിക്കോ മുഖ്യമന്ത്രിക്കോ അതിന് മറുപടി പറയാം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മുല്ലപ്പെരിയാർ വിഷയം ഗവൺമെന്റിന്റെ സജീവ ശ്രദ്ധയിലുള്ള കാര്യമാണ്. കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കേണ്ട ഉത്തരവാദിത്തം ഗവൺമെന്റിനുള്ളതിനാൽ വളരെ വ്യക്തമായിത്തന്നെ അക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്. പ്രധാനമന്ത്രിയെയും കേന്ദ്രമന്ത്രിമാരെയും കാണാൻ മുഖ്യമന്ത്രി പോകുന്നുണ്ട്. ആ സമയം ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉന്നയിച്ച മുല്ലപ്പെരിയാർ പ്രശ്നവും ചർച്ചാവിഷയമാക്കുന്നതുതന്നെയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ജലനിരപ്പ് 136 അടിയാകുമ്പോൾത്തന്നെ മാറ്റിതാമസിപ്പിക്കാൻ നമ്മൾ തീരുമാനിച്ചിട്ടുള്ളതാണ്. ഇപ്പോൾ 142 അടിയായിട്ടും മാറ്റിത്താമസിപ്പിക്കുന്ന കാര്യം നടന്നിട്ടില്ല എന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയൊരു സാഹചര്യമുണ്ടെങ്കിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടുകൊണ്ട് അവരെ റീഹാബിലിറ്റേറ്റ് ചെയ്യിക്കാനുള്ള

നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.